പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1726 — 14.12.2012- ൽ മറുപടിയ്ക്ക്

<u>വയോജന നയം</u>

ചോദ്യം — ഉത്തരം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ലൂഡി ലൂയിസ്
,, എം.എ. വാഹിദ്
,, പി.എ. മാധവൻ

ഡോ. എം.കെ. മുനീർ
( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പരിഷ്കരിച്ച വയോജന കരട് നയം തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. നിലവിലുള്ള സംസ്ഥാന വയോജനനയത്തിൽ ഉൾപ്പെടുത്തുവാനുദ്ദേശിക്കുന്ന ഭേദഗതികൾ സാമൂഹ്യനീതി വകുപ്പിന്റെ വെബ് സൈറ്റിൽ പ്രദർശിപ്പിച്ചിരുന്നു. പ്രസ്തുത ഭേദഗതികളിന്മേൽ പൊതുജനങ്ങളുടെ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ശേഖരിക്കുകയും അപ്രകാരം ലഭ്യമായ നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലാണ് വയോജന നയത്തിന്റെ കരട് തയ്യാറാക്കിയത്. |
| (ബി) | വയോജനങ്ങളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ; | (ബി) | കരട് നയം സർക്കാർ പരിശോധിച്ചു വരുന്നു. ഇതിന് അന്തിമ രൂപം നൽകിയിട്ടില്ല |

| | | | |
|---|---|---|---|
| (സി) | മുതിർന്ന സ്ത്രീകളുടെ സുരക്ഷയ്ക്ക് പ്രത്യേക ശ്രദ്ധ നൽകുന്നതിന് കരട് നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ് ; | (സി) | മുതിർന്ന സ്ത്രീകളെ മുഖ്യധാരയിൽപ്പെടുത്തുകയും അവരുടെ പ്രശ്നങ്ങൾ സർക്കാർ ആഭിമുഖ്യത്തിലുള്ളതും സമൂഹവും മുതിർന്ന പൗരന്മാരുടെ സംഘടനകൾ പിന്തുണയ്ക്കുന്നതുമായ സമ്പ്രദായങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് ദേശീയ വികസന ചർച്ചയിൽ ഉൾക്കൊള്ളിക്കുകയും ചെയ്യും. മുതിർന്ന സ്ത്രീകളുടെ സംഘടനകൾ രൂപീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതും പിന്തുണ നൽകുന്നതുമായിരിക്കും. |
| (ഡി) | പ്രസ്തുത നയം നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ? | (ഡി) | മുതിർന്ന പൗരന്മാർക്കുവേണ്ടിയുള്ള സംസ്ഥാന നയത്തിന്റെ അടിസ്ഥാനത്തിൽ ഒരു പ്രവർത്തന പദ്ധതി ആവിഷ്കരിക്കുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ